LIBRARY ARCHIVES Kerala Legislative Assembly

കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി വായ്പ

263(5422) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾവഴി കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കൂടുതൽ വായ്പ വിതരണം ചെയ്യുന്നതിന് വായ്പാ നിബന്ധനകൾ ഭേദഗതി ചെയ്യുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവവഴി കാർഷിക, കാർഷിക അനുബന്ധ വായ്പകൾ നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ ആകെ വായ്പയുടെ 20% വായ്പകളാണ് ടി ഇനത്തിൽ വിതരണം നടത്തിയിട്ടുള്ളത്. ആയത് 40% വരെ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ടി സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

വായ്പാ തിരിച്ചടവിന് മൊറട്ടോറിയം

264(5423) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം കോവിഡ് വ്യാപന സമയത്ത് കേന്ദ്രസർക്കാർ പൊതുമേഖല/ വാണിജ്യ ബാങ്കുകളിൽനിന്നും വായ്പ എടുത്തവർക്ക് തിരിച്ചടവിന് പ്രഖ്യാപിച്ച മൊറട്ടോറിയം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും ബാധകമാക്കിയിട്ടുണ്ടോ?

2020-ൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽനിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെ വരികയുംചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBCFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറയം അനുവദിക്കുന്നതിന് 27-3-2020-ലെ RBI/2019-20/186, DOR.No.BP.BC.47/21.04.048/2019-20 നമ്പർ കത്ത് മുഖാന്തരം നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തൽസ്ഥിതി രൂക്ഷമായിത്തന്നെ